**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Shaji Clement)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനക്കാര്യം -ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ . LSGD/PD/2557/2023-DEE4 തീയതി:26-08-2025**

പരാമർശം:
1) ഗ്രാമ വികസന കമ്മീഷണറുടെ 18/01/2022 തീയതിയിലെ 4364/എസ്റ്റാഡി4/2021/സിആർഡി നമ്പർ ഉത്തരവ്.
2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/10/2023 തീയതിയിലെ LSGD/PD/32946/GEA2 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്
3) GO(P) 27/Fin dated: 10.02.2021

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ (മുൻ ഗ്രാമവികസന) വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം 1:1:1:1 അനുപാതത്തിൽ ജില്ലാ അടിസ്ഥാനത്തിൽ ക്രമീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടൈപ്പിസ്റ്റ് തസ്തികയിൽ വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള 3 ഒഴിവുകളും, ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയതുവഴി ഉണ്ടായിട്ടുള്ള 1 ഒഴിവും ഉൾപ്പെടെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ വന്ന 4 ഒഴിവുകളിലേക്ക് സൂചന (2) ലെ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ അർഹരായ ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 39,300-83,000 ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**പട്ടിക 1**

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 17 | മാലിനി പി ടി | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി | 01.03.2025 |
| 2 | 18 | ഇന്ദുമോൾ എം കെ | LID&EW സബ്ബ് ഡിവിഷൻ, ഉഴവൂർ. | 01.03.2025 |
| 3 | 19 | വിജേഷ് യു കെ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | 01.04.2025 |
| 4 | 20 | ടീസ ജാസ്മിൻ സി ജെ | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 09.06.2025 |

സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 4 ഒഴിവുകളിലേയ്ക്കും ഒരു സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് റിട്ടയർ ചെയ്ത ഒരു ഒഴിവിലേയ്ക്കും ചേർത്ത് 5 ഒഴിവിലേയ്ക്ക് സൂചന (2) ലെ സീനിയോറിറ്റി പട്ടിക പ്രകാരം അർഹരായ 5 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 37,400-79,000/- ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**പട്ടിക 2**

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 20 | ഹലീന ബി | പറവൂർ നഗരസഭ | 01.03.2025 |

| | | | | |
|---|---|---|---|---|
| 2 | 21 | മനോജ് കെ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | 01.03.2025 |
| 3 | 22 | സുജ സി ആർ | തിരുവനന്തപുരം കോർപ്പറേഷൻ | 01.04.2025 |
| 4 | 23 | മിനി ടി പി | വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 01.05.2025 |
| 5 | 24 | ശശികുമാർ ഇ കെ | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 09.06.2025 |

മേൽ ഖണ്ഡിക പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 5 ഒഴിവുകളിലേക്ക് സൂചന (2)-ലെ സീനിയോറിറ്റി പട്ടിക പ്രകാരം അർഹരായ 5 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 35,600-75,400/- ശമ്പള സ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

<u>പട്ടിക 3</u>

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, നിലവിൽ സേവനത്തിൽ തുടരുന്ന കാര്യാലയം | റേഷ്യോ പ്രമോഷൻ നൽകി നിയമിക്കുന്ന കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 23 | കൃഷ്ണപ്രിയ ജെ, LID&EW സബ്ബ് ഡിവിഷൻ, തിരൂർ | പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 01.03.2025 |
| 2 | 25 | ശ്രീജിത്ത് കെ എസ്, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | റാന്നി ബ്ലോക്ക് പഞ്ചായത്ത് | 01.03.2025 |
| 3 | 26 | അർജ്ജുൻ സി, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 01.04.2025 |
| 4 | 29 | സുജന എസ്, LID & EW സബ്ബ് ഡിവിഷൻ, പാലക്കാട് | LID & EW സബ്ബ് ഡിവിഷൻ, തിരൂർ | 01.05.2025 |
| 5 | 30 | മുഹമ്മദ് ഷഫീഖ് കെ സി, കാസറഗോഡ് നഗരസഭ | ദാരിദ്ര്യ ലഘൂകരണ വിഭാഗം, കാസറഗോഡ് | 09.06.2025 |

മേൽ റേഷ്യോ പ്രൊമോഷനുകൾ നൽകിയതിനെ തുടർന്ന് എൻടി കേഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള 5 ഒഴിവുകളിൽ 3 ഒഴിവുകൾ ജില്ലാ പി എസ് സി ഓഫീസികളിൽ മുൻകൂർ ആയി ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും, വിരമിക്കൽ മൂലം എൻടി കേഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള 1 ഒഴിവും ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ നൽകിയതിന് ആനുപാതികമായി ടൈപ്പിസ്റ്റ് തസ്തികയിലെ എൻടി കേഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള 1 ഒഴിവും ചേർത്ത് റിപ്പോർട്ട് ചെയ്യുവാനുള്ള 2 എൽ ഡി ടൈപ്പിസ്റ്റ് ഒഴിവുകൾ, പട്ടിക 3 ൽ ക്രമനമ്പർ 4, 5 പ്രകാരം എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുള്ള പാലക്കാട്, കാസർഗോഡ് ജില്ലകളിൽ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

റേഷ്യോ പ്രൊമോഷൻ ലഭിച്ച മേൽ ജീവനക്കാരുടെ നിയമനം പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, തദ്ദേശ സ്വയഭരണവകപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം/നിയമനം നല്കുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാർക്ക് അർഹതരയുണ്ടായിരിക്കുന്നതല്ല.ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാർ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്.

Shaji Clement
ADDITIONAL DIRECTOR

പകർപ്പ് : 1. ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരികൾ മുഖേന)

2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. സൂപ്രണ്ട്, IE, GEA സെക്ഷൻ
4. സൂപ്രണ്ട്, IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധികരണത്തിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Shaji Clement
Date: 26-08-2025 11:41:21